**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5642** **24-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളെ ദത്തെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളെ ദത്തെടുക്കുന്നതിനായി നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത് 2015 ലെ ബാലനീതി നിയമവും 2022 ലെ അഡോപ്ഷൻ റഗുലേഷൻ പ്രകാരവുമാണ്. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച്കൊടുക്കപ്പെട്ടതുമായ കുട്ടികളെയാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ (CARA) മാർഗ്ഗനിർദ്ദേശപ്രകാരം ദത്ത് നൽകുന്നത്.<br><br>2022 ലെ അഡോപ്ഷൻ റഗുലേഷൻ പ്രകാരം ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ദത്തെടുക്കൽ വെബ്പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും 30 ദിവസത്തിനകം അനുബന്ധ രേഖകളായ ഫോട്ടോഗ്രാഫ്, ജനന സർട്ടിഫിക്കറ്റ്, വിലാസം തെളിയിക്കുന്ന രേഖ, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. 60 ദിവസത്തിനകം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം അപേക്ഷകരുടെ ഹോം സ്റ്റഡി നടത്തി ശുപാർശ അടക്കമുള്ള ഹോം സ്റ്റഡി റിപ്പോർട്ട് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. രജിസ്റ്റർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോരിറ്റി ക്രമം അനുസരിച്ചാണ് കുട്ടിയുടെ റഫറൽ അപേക്ഷകർക്ക് ലഭിക്കുന്നത്. റഫറൽ വന്ന് 48 മണിക്കൂറിനകം അപേക്ഷകർ കുട്ടിയുടെ ചൈൽഡ് സ്റ്റഡി റിപ്പോർട്ടും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ എടുക്കാൻ താത്പര്യമാണെങ്കിൽ റിസർവ്വ് ചെയ്യേണ്ടതാണ്. റിസർവ്വ് ചെയ്ത് 30 ദിവസത്തിനകം കുട്ടി എവിടെയാണോ നിൽക്കുന്നത് ആ സ്ഥാപനത്തിലെ അഡോപ്ഷൻ കമ്മിറ്റി മുമ്പാകെ ഹാജരായി അഡോപ്ഷൻ കമ്മിറ്റി അംഗീകരിക്കുന്ന പക്ഷം കുട്ടിയെ 10 ദിവസത്തിനകം പ്രി അഡോപ്ഷൻ ഫോസ്റ്റർ കെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് കുട്ടിയെ നൽകുന്നതാണ്. അപേക്ഷകർ സമർപ്പിച്ച രേഖകളും കുട്ടിയെ സംബന്ധിച്ച രേഖകളും അഡോപ്ഷൻ കമ്മിറ്റിയുടെ മിനിട്ട്സും അംഗീകൃത ദത്തെടുക്കൽ സ്ഥാപനം 5 ദിവസത്തിനകം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് നൽകേണ്ടതും ആയത് പരിശോധിച്ച് ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതുമാണ്. രണ്ട് മാസത്തിനകം ജില്ലാ മജിസ്ട്രേറ്റ് ദത്തെടുക്കൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും |

| | | | |
|---|---|---|---|
| | | | ദത്തെടുക്കൽ ഉത്തരവ് പുറപ്പെടുവിച്ച് 5 ദിവസത്തിനകം ജനന സർട്ടിഫിക്കറ്റിന് അപേക്ഷ നൽകി കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് അപേക്ഷകർക്ക് നൽകേണ്ടതുമാണ്. കുട്ടി പ്രി അഡോപ്ഷൻ ഫോസ്റ്റർ കെയറിന് പോയി 2 വർഷത്തേക്ക് ആദ്യ ഫോളോ അപ്പ് മൂന്ന് മാസത്തിനകവും തുടർന്നുള്ള ഫോളോ അപ്പ് 6 മാസത്തെ ഇടവേളയിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനം നടത്തേണ്ടതാണ്. |
| (ബി) | ഇതിനായി രജിസ്റ്റർ ചെയ്യേണ്ട അതോറിറ്റികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ദത്തെടുക്കൽ നടപടിക്രമം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർക്ക് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ www.cara.wcd.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (സി) | കുട്ടികളെ ദത്തെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന ദമ്പതികൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കുട്ടികളെ ദത്തെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന ദമ്പതികൾക്ക് പ്രായപരിധി 2022 ലെ അഡോപ്ഷൻ റഗുലേഷനിൽ കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ദത്തെടുക്കുന്ന കുട്ടിയും അപേക്ഷകരും തമ്മിൽ 25 വയസ്സിന്റെ പ്രായവ്യത്യാസം ഉണ്ടാവേണ്ടതാണ്. ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം അപേക്ഷകരുടെ പ്രായത്തിനുസരിച്ചുള്ള കുട്ടികളെയാണ് അപേക്ഷകർക്ക് ദത്ത് നൽകുന്നത്. |

| **കുട്ടിയുടെ പ്രായം** | **ദമ്പതികളായ അപേക്ഷകരുടെ പരമാവധി സംയോജിത പ്രായം** | **ഏക രക്ഷിതാവിന്റെ പരമാവധി പ്രായം** |
|---|---|---|
| 2 വയസ്സ് വരെ | 85 വയസ്സ് | 40 വയസ്സ് |
| 2-4 വയസ്സ് | 90 വയസ്സ് | 45 വയസ്സ് |
| 4-8 വയസ്സ് | 100 വയസ്സ് | 50 വയസ്സ് |
| 8-18 വയസ്സ് | 110 വയസ്സ് | 55 വയസ്സ് |

| | | | |
|---|---|---|---|
| (ഡി) | 23.06.2014 -ൽ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, വാർഡ് 7, സ്കന്ദ നിവാസിലെ പി.ജി വേണുഗോപാൽ, പി.ഗീതാകുമാരി ദമ്പതികൾക്ക് നാളിതുവരെ കുട്ടികളെ ദത്ത് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ പോർട്ടൽ പരിശോധിച്ചതിൽ നിന്ന് ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷകർക്ക് അഡോപ്ഷൻ റെഗുലേഷനിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 3 കുട്ടികളുടെ referral ലഭിച്ചിരുന്നു. എന്നാൽ ആദ്യത്തെ referral ലഭിച്ച കുട്ടിയ്ക്ക് 2 വയസ്സ് മാത്രം പ്രായമുള്ളതിനാലും അപേക്ഷകരുടെ സംയോജിത പ്രായം 105 വയസ്സ് പൂർത്തിയായതിനാലും പ്രസ്തുത കുട്ടിയെ അപേക്ഷകർക്ക് ലഭിച്ചില്ല. അപേക്ഷകർക്ക് ലഭിച്ച രണ്ടാമത്തെ referral male child ആയതിനാൽ അപേക്ഷകർക്ക് പെൺകുട്ടിയെ എടുക്കാൻ താത്പര്യമായതിനാൽ ടി കുട്ടിയെ അപേക്ഷകർ സ്വീകരിച്ചില്ലായെന്നും മൂന്നാമത്തെ referral ലഭിച്ച കേരളത്തിന് പുറത്തുള്ള ദത്തെടുക്കൽ സ്ഥാപനത്തിലെ പെൺകുട്ടിയെ അപേക്ഷകർ reserve ചെയ്യുകയും എന്നാൽ അഡോപ്ഷൻ കമ്മിറ്റി യോഗത്തിനു ശേഷം ദത്തെടുക്കൽ ഫീസിനത്തിൽ ടി സ്ഥാപനം കൂടുതൽ തുക ആവശ്യപ്പെട്ടതിനാൽ അപേക്ഷകർ കുട്ടിയെ എടുക്കാതിരിക്കുകയും പ്രസ്തുത വിഷയം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അപേക്ഷകരുടെ സംയോജിത പ്രായം 110 വയസ്സ് കഴിഞ്ഞതിനാൽ നിയമപ്രകാരം അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. ആയതിനെതിരെ അപേക്ഷകർ ബഹു ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും നിലവിൽ കേസ് കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ